(ഡി) ഈ ടാങ്കിന്റെ നിർമ്മാണം എത്ര സമയത്തിനുള്ളിൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനുള്ള പദ്ധതികളുടെ ലിസ്റ്റിൽ ഓച്ചിറ കുടിവെള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) ഓച്ചിറ കുടിവെള്ള പദ്ധതി ഒരു വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ;

(ജി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സമയബന്ധിതമായി സ്വീകരിക്കും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓച്ചിറ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിർമ്മിക്കേണ്ട ജലസംഭരണിയുടെ ടെണ്ടറിന് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) എൽ. ഐ. സി. യുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരുന്നത്. എൽ. ഐ. സി. യിൽനിന്നും സഹായം ലഭിക്കാത്തതു കാരണം ഈ പദ്ധതിക്ക് കാലതാമസം നേരിട്ടു. ഇപ്പോൾ ഈ പദ്ധതി എ.ഡി.ബി. സഹായത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഈ ടാങ്കിന്റെ നിർമ്മാണം ഒരു മാസത്തിനുള്ളിൽ ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു.

(ഇ) ഇല്ല.

(എഫ്) & (ജി) ഇല്ല. ഓച്ചിറ, കരുനാഗപ്പള്ളി, ആലപ്പാട്, ക്ലാപ്പന സമഗ്ര ശുദ്ധജല വിതരണ പദ്ധതി എ.ഡി.ബി. സഹായത്തോടുകൂടി രണ്ടു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനായി ഒരു സമയബന്ധിത നടപടി ആവിഷ്കരിച്ചിട്ടുണ്ട്.

ഓച്ചിറ കുടിവെള്ള പദ്ധതി

83 [1913] *ശ്രീ. എ. എൻ. രാജൻബാബു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 38 കോടി രൂപയുടെ ഓച്ചിറ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി കരുനാഗപ്പള്ളി ആസ്ഥാനമാക്കി വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദി സംരക്ഷണം

84 [1914] *ശ്രീ. എ. സി. മൊയ്തീൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളുടെ സംരക്ഷണത്തിനായുള്ള എത്ര പദ്ധതികൾ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്;

(ബി) പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കുടിവെള്ള പദ്ധതികളുടെ ഉറവിടമായ ഭാരതപ്പുഴയുടെ സംരക്ഷണത്തിന് ഈ ഫണ്ട് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭാരതപ്പുഴയിൽ കുടിവെള്ള പദ്ധതികൾക്കായി രൂപകല്പന ചെയ്ത അടിയണകളും തടയണകളും നിർമ്മിക്കാൻ ജലവിഭവ വകുപ്പ് എത്ര പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 240 പ്രവൃത്തികൾ.

(ബി) ഭാരതപ്പുഴയുടേയും പോഷക നദികളുടേയും സംരക്ഷണത്തിന് ഈ ഫണ്ട് ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) നബാർഡിന്റെ സഹായത്തോടെ ഭാരതപ്പുഴയിൽ 9 തടയണകൾ. ഭാരതപ്പുഴയുടെ പോഷകനദികളായ കണ്ണാടിപ്പുഴയിൽ ഒരു തടയണ, കുന്തിപ്പുഴയിൽ രണ്ട് തടയണകൾ എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്.

റാന്നി ജലവിഭവ വകുപ്പ് സബ് ഡിവിഷനിൽ എൽ.സി.പി.സി. പദ്ധതി

85 [1915] *ശ്രീ. രാജു എബ്രഹാം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ജലവിഭവ വകുപ്പ് സബ് ഡിവിഷനിൽ എൻ.സി.പി.സി. പദ്ധതിയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെ ആയിരുന്നു;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയത്;

(സി) അട്ടത്തോട് സോളാർ പദ്ധതി, പുതുശ്ശേരിമല, ഇടക്കുളം അടക്കമുള്ള നിരവധി പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടും നടപ്പാക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഭരണാനുമതി ലഭിച്ച മുഴുവൻ പദ്ധതികളുടേയും നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

GPM. 2/566/2012—17

LIBRARY ARCHIVES Kerala Legislative Assembly